**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1117** **18-09-2025 - ൽ മറുപടിയ്ക്ക്**

**കടക്കാട്ടുപാറ ആലുംകടവ് റെഗുലേറ്റർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജലസേചന മേഖലയിൽ കടക്കാട്ടുപാറ ആലുംകടവ് റെഗുലേറ്റർ പദ്ധതി നടപ്പാക്കുന്നതിന് കിഫ്ബിയിൽ നിന്നും അനുമതി ലഭിക്കുന്നതിലേക്കായി ജലസേചന വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (എ) | **വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കടക്കാട്ടുപാറ ആലുങ്കടവ് റഗുലേറ്റർ പദ്ധതിക്കായി 49.20 കോടി രൂപയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് KIIFB യിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി തയ്യാറാക്കിയിരുന്നുവെങ്കിലും KIIFB ക്ക ചുമത്തിയിട്ടുള്ള സാമ്പത്തിക പരിധി മാറി കടന്നിരിക്കുന്നതിനാൽ ടി പ്രവൃത്തിയുടെ പ്രൊപ്പോസൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പരിഗണിക്കുവാൻ നിർവ്വാഹമില്ലായിരുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ പരിഗണിക്കുന്നതിനായി ഡി.എസ്.ആർ 2021 പ്രകാരമുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതനുസരിച്ച് പുതുക്കിയ ഡിപിആർ തയ്യാറാക്കിവരുന്നു.** |
| (ബി) | ജലസേചന വകുപ്പ് 2025-'26 സാമ്പത്തിക വർഷം തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുന്ന പദ്ധതികളുടെ മുൻഗണനാ പട്ടികയിൽ കടക്കാട്ടുപാറ ആലുംകടവ് റെഗുലേറ്റർ പദ്ധതിയെ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (ബി) | **ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ